**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1930** | **11-10-2021 - ൽ മറുപടിയ്ക്ക്**

**കോസ്റ്റൽ റെഗുലേഷൻ സോണിൽ വീട് നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | കോസ്റ്റൽ റെഗുലേഷൻ സോണിൽ വീട് നിർമ്മിക്കുന്നതിനും വീടുകൾ പുനർനിർമിക്കുന്നതിനും സമർപ്പിച്ച അപേക്ഷകൾ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ കെട്ടിക്കിടക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതി പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | ഇല്ല. കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ CRZ ക്ലിയറൻസിനായി ലഭിച്ച അപേക്ഷകളിൽ 537 അപേക്ഷകളാണ് നിലവിൽ തീർപ്പാക്കാനായിട്ടുള്ളത്. ഇതിൽ 486 അപേക്ഷകൾ അപൂർണ്ണമായതിനാൽ വിശദാംശങ്ങൾ/ ആവശ്യമായ രേഖകൾ എന്നിവ ആവശ്യപ്പെട്ടിട്ടുണ്ട്. 51 അപേക്ഷകൾ, 20.09.2021 ന് നടന്ന കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ 116-ാമത് മീറ്റിംഗിന് ശേഷം ലഭിച്ച പുതിയ അപേക്ഷകളാണ്. |
| (ബി) | ഇരവിപുരം മണ്ഡലത്തിൽ നിന്ന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ 2016 മുതൽ നാളിതുവരെ ലഭിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | നിയമസഭാ മണ്ഡലം അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ